compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 30
**Tuesday, 30th December 2025**

1201 ധനു 15
**15th Dhanu 1201**

1947 പൌഷം 9
**9th Pousha 1947**

വാല്യം 14
**Vol. XIV**

നമ്പർ / **No.** 52

## Part III

# Kerala State Waqf Board

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വസ്തു വാങ്ങൽ വിജ്ഞാപനം.

(1995-ലെ വഖ്ഫ് ആക്ട് 53-ാം വകുപ്പ്, കേരള സ്റ്റേറ്റ് വഖഫ് റൂൾസ് 2019, ചട്ടം 80(2) എന്നിവ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്)

കേരള സംസ്ഥാന വഖ്ഫ് ബോർഡിൽ 10355/ആർ.എ. നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള കോഴിക്കോട് ജില്ല, കോഴിക്കോട് താലൂക്ക് പെരുമണ്ണ വില്ലേജിലെ സലഫി മസ്ജിദ്, സലഫി മദ്രസ്സ വഖ്ഫിനു വേണ്ടി മുഹമ്മദ് മേലെ തുമ്പോളി എന്നവർക്ക് അവകാശപ്പെട്ടതും മാവൂർ സബ് രജിസ്ട്രാർ ഓഫീസിലെ 2279/2012 നമ്പർ ജന്മം തീറാധാരപ്രകാരമുള്ളതും പെരുമണ്ണ വില്ലേജ് റി.സർവ്വെ നമ്പർ 73/1 (പഴയ സർവ്വെ 73/19) ൽപ്പെട്ടതുമായ (0.607 ആർസ് വസ്തുവിൽ നിന്നും) 0.93 സെന്റ് വസ്തുവും, 4373/2014 നമ്പർ കാണം തീറാധാരപ്രകാരം പെരുമണ്ണ വില്ലേജിൽ റി.സർവ്വെ നമ്പർ 75/6 (പഴയ സർവ്വെ നമ്പർ 79/1ബി) ൽപ്പെട്ടതുമായ 0.17 സെന്റ് (.069 ആർസ്) വസ്തുവും ഉൾപ്പെടെ 1.10 സെന്റ് വസ്തു ആകെ 25,57,500/- രൂപയ്ക്ക് വാങ്ങുന്നതിനും, ശ്രീ.കെ.മുഹമ്മദ് കുട്ടി എന്നവർക്ക് അവകാശപ്പെട്ടതും മാവൂർ സബ് രജിസ്ട്രാർ ഓഫീസിലെ 4374/2014 നമ്പർ ജന്മം തീറാധാരപ്രകാരം പെരുന്തൽമണ്ണ വില്ലേജ് റി.സർവ്വെ നമ്പർ 73/1 (പഴയ സർവ്വെ 73/19)ൽപ്പെട്ട വസ്തുക്കളിൽ നിന്നും 0.36 സെന്റ് (.145 ആർസ്) വസ്തുവും 3081/1994 നമ്പർ കാണം തീറാധാരപ്രകാരമുള്ളതും പെരുമണ്ണ വില്ലേജ് റി.സർവ്വെ നമ്പർ 75/6 (പഴയ സർവ്വെ നമ്പർ 79/1ബി) പ്പെട്ട വസ്തുവിൽ നിന്നും 9.34 സെന്റ് വസ്തുവും ഉൾപ്പെടെ 9.70 സെന്റ് വസ്തു ആകെ 1,95,00,000/- രൂപയ്ക്ക് വാങ്ങുന്നതിനും അനുമതി ആവശ്യപ്പെട്ട് വഖ്ഫ് പ്രസിഡന്റ് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ വസ്തു വാങ്ങുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ആയത് ഈ വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസങ്ങൾക്കകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന വഖ്ഫ് ബോർഡ്, വി.ഐ.പി.റോഡ്, കലൂർ, കൊച്ചി-682017 എന്ന വിലാസത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ലെന്നും അറിയിച്ച് കൊള്ളുന്നു.

(ഒപ്പ്)

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

**(ഇൻചാർജ്)**

## വസ്തു വാങ്ങൽ വിജ്ഞാപനം

(1995-ലെ ഉമീദ് ആക്ട് 53-ാം വകുപ്പ്, 2019-ലെ കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങളിലെ, ചട്ടം 80(2) എന്നിവ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്)

കേരള സംസ്ഥാന വഖ്ഫ് ബോർഡിൽ 2833/ആർ.എ നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള മലപ്പുറം ജില്ല, പൊന്നാനി താലൂക്ക്, വെളിയങ്കോട് വില്ലേജ് കോയസ്സൻ മരക്കാരങ്ങ് പള്ളി വഖ്ഫിന് വേണ്ടി ശ്രീ.അറമസ്സം വീട്ടിൽ കരീം എന്നവർക്ക് പൊന്നാനി സബ് രജിസ്ട്രാർ ഓഫീസിൽ 4522/2021 നമ്പർ ജന്മം തീറാധാരപ്രകാരവും 5359/2013 നമ്പർ ധനനിശ്ചയാധാര പ്രകാരവും അവകാശപ്പെട്ട കടവനാട് അംശം പുതു പൊന്നാനി ദേശം സർവ്വെ 45/6എ1-6 (തണ്ടപ്പേര് അക്കൗണ്ട്, കൈവശ സർട്ടിഫിക്കറ്റ്, നികുതി രശീതി എന്നിവയിൽ റി.സ.നമ്പർ 45/6എ1-8) യിൽ പ്പെട്ട 1.215 ആർസ്, സർവ്വെ നമ്പർ 45/6എ യിൽ (തണ്ടപ്പേര് അക്കൗണ്ട്, കൈവശ സർട്ടിഫിക്കറ്റ്, നികുതി രശീതി എന്നിവയിൽ റി.സ.നമ്പർ 45/6 എ1-4) ഉൾപ്പെട്ട 3.51 ആർസ് എന്നീ വസ്തുക്കളിൽ നിന്നും **6.09 സെന്റ്** വസ്തുവും ടി വസ്തുവിലെ **2589 ച.അടി** വാണിജ്യ കെട്ടിടവും (42/322എ1, എ2, എ3, 42/322ബി, ബി1, ബി2 എന്നീ കെട്ടിട നമ്പറുകളിലുള്ള ഇരു നില കെട്ടിടം) ഉൾപ്പെടെ 1,41,00,000/- രൂപയ്ക്ക് വഖ്ഫിനു വേണ്ടി വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ട് വഖ്ഫ് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ വസ്തു വാങ്ങുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ആയത് ഈ വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസങ്ങൾക്കകം ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, കേരള സംസ്ഥാന വഖ്ഫ് ബോർഡ്, വി.ഐ.പി.റോഡ്, കലൂർ, കൊച്ചി-682017 എന്ന വിലാസത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ലെന്നും അറിയിച്ച് കൊള്ളുന്നു.

(ഒപ്പ്)

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**(ഇൻചാർജ്)**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.30 04:15:23 +05:30